18/7/22



ഡന്റ് രാജു മാങ്കുഴ ആവശ്യപ്പെട്ടു.



ചെറുകുന്നം കവലയിൽ റോഡിലെ അടിമണ്ണ് ഇടിഞ്ഞു രൂപപ്പെട്ട കുഴി.

# നെടുമ്പാശേരി സഹ. ബാങ്കിൽ യുഡിഎഫ്

**നെടുമ്പാശേരി:** നെടുമ്പാശേരി പഞ്ചായത്ത് സർവീസ് സഹകരണ ബാങ്ക് തെരഞ്ഞെടുപ്പിൽ മുഴുവൻ സീറ്റിലും യുഡിഎഫ് വിജയിച്ചു.

ആന്റോ നെൽക്കര, പി.പി. ഐസക്ക്, ജിസ് തോമസ്, എ.കെ. ധനേഷ് , എ.കെ. വർഗീസ്, സി.വൈ. ശാബോർ, കെ.പി. സിദ്ധിഖ്, സിബിൻ ഏല്യാസ് , ബിജി ഗോപി, മീര എൽദോ, മേഴ്സി വർഗീസ്, ടി.എ. ചന്ദ്രൻ , പി.ജെ. ജോണി എന്നിവരാണ് വിജയിച്ചത്.

# വൈപ്പിൻ മേഖലാ മതാധ്യാപക സമ്മേളന...

**വൈപ്പിൻ :** വരാപ്പുഴ അതിരൂപത വൈപ്പിൻ മേഖല മതബോധന കമ്മീഷന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച മതാധ്യാപക സമ്മേളനം അതിരൂപത മതബോധന കമ്മീഷൻ ഡയറക്ടർ ഫാ. വിൻസെന്റ് നടുവിലപറമ്പിൽ ഉദ്ഘാടനം ചെയ്തു.

പെരുമ്പിള്ളി തിരുക്കുടുംബ ദേവാലയത്തിൽ നടന്ന ചടങ്ങിൽ മേഖല ഡയറക്ടർ ഫാ. ജെനിൻ മരോട്ടിപ്പറമ്പിൽ അധ്യക്ഷനായി.

ഇടവക വികാരി ഫാ. ജോസഫ് തട്ടാരശേരി ഫാ. ജോൺ ക്യാപിസ്റ്റൻ ലോപ്പസ് , മേഖല സെക്രട്ടറി എബി ജോൺസൺ തട്ടാരുപറമ്പിൽ, എൻ.വി. ജോസ്, പയസ് ആന്റണി പുപ്പാടി, സൈമൺ പനക്കൽ, ബേബിച്ചൻ കല്ലറ



വൈപ്പിൻ മേഖല മത ബോധന കമ്മീഷന്റെ... ധ്യാപക സമ്മേളനം അതിരൂപത മതബോ... സെന്റ് നടുവിലപറമ്പിൽ ഉദ്ഘാടനം ചെയ്യ...



സംസ്ഥാന വടംവലി ചാമ്പ്യൻഷിപ്പിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ജില്ലാ പുരുഷ വടംവലി ടീം നൈപുണ്യ കോളജ് അധികൃതരോടൊപ്പം.

# ജില്ലാ വടംവലി ടീമിന്റെ പരിശീലനം പൂർത്തിയായി

**അങ്കമാലി:** സംസ്ഥാന വടംവലി ചാമ്പ്യൻഷിപ്പിലേക്ക് തിരഞ്ഞെടുത്ത ജില്ലാ പുരുഷ വടംവലി ടീമിന്റെ പരിശീലനം പൂർത്തിയായി. കൊരട്ടി പൊങ്ങം നൈപുണ്യ കോളജിലാണ് പരിശീലനം നടത്തിയത്.

സംസ്ഥാന ചാമ്പ്യൻഷിപ്പിന് പുറപ്പെടുന്ന ടീമിന് കൊരട്ടി നൈപുണ്യയിൽ ജില്ലാ വടംവലി അസോസിയേഷനും നൈപുണ്യാ കോളജും യാത്രയയപ്പ് നൽകി. ഡിസിൽ ഡേവിസ് (നൈപുണ്യ കോളജ്) ആണ് പരിശീലകൻ.

നൈപുണ്യ കോളജ് പ്രിൻസിപ്പാളും എക്സിക്യൂട്ടീവ് ഡയറക്ടറുമായ റവ. ഡോ. കെ.ജെ. പോൾ ചടങ്ങിന് അധ്യക്ഷത വഹിച്ചു. ജില്ലാ വടംവലി അസോസിയേഷൻ സെക്രട്ടറിയും സംസ്ഥാന സ്പോർട്സ് കൗൺസിൽ നോമിനിയും ആയ എ.ജി. ആനന്ദകൃഷ്ണൻ, നൈപുണ്യ കോളജ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജിമ്മി കുന്നത്തൂർ, കാമ്പസ് മിനിസ്റ്റർ ഫാ. ജോസ് കറാച്ചിറ , കായിക വിഭാഗം തലവൻ പി.എ. ശ്രീജിത്ത് എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

... INSTITUTE OF MANAGEMENT & INFORMATION TECH... ACCN ... EAST